**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **16-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവു നായകളുടെ ആക്രമണം തടയുന്നതിന് നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ വിവരം ശ്രദ്ധയിൽപ്പെടുകയും, ഇക്കാര്യം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഒക്ടോബർ 2024 മുതൽ ജൂലൈ 2025 വരെയുള്ള നായ കടിയേറ്റവരുടെ എണ്ണം, പട്ടികയായി താഴെ നൽകുന്നു.<br><br>
<table>
<tr><th>Month</th><th>Stray Dog Bite</th></tr>
<tr><td>Oct-24</td><td>9659</td></tr>
<tr><td>Nov-24</td><td>11190</td></tr>
<tr><td>Dec-24</td><td>11391</td></tr>
<tr><td>Jan-25</td><td>10130</td></tr>
<tr><td>Feb-25</td><td>8416</td></tr>
<tr><td>Mar-25</td><td>11000</td></tr>
<tr><td>Apr-25</td><td>9239</td></tr>
<tr><td>May-25</td><td>10244</td></tr>
<tr><td>Jun-25</td><td>9128</td></tr>
<tr><td>Jul-25</td><td>8926</td></tr>
</table></td></tr>
<tr><td>(ബി)</td><td>തെരുവു നായകളുടെ ജനന നിയന്ത്രണ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും തെരുവു നായകളുടെ വർദ്ധനവിന് അനുസൃതമായി പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;</td><td>(ബി)</td><td>നിലവിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള 17 എബിസി സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്നു. നിലവിൽ ABC യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, പോർട്ടബിൾ ABC യൂണിറ്റ്</td></tr>
</table>

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ABC സെന്റർ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 200 ലക്ഷം രൂപ പോർട്ടബിൾ എബിസി യൂണിറ്റുകൾക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പരിശീലനം നേടിയ നായപിടുത്തക്കാരുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | എ ബി സി സെന്ററുകളിലെ ഡോഗ് ക്യാച്ചേഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാരെ നിയോഗിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.<br><br>നായപിടുത്തക്കാരെ കണ്ടെത്തുന്നതിന് കുടുംബശ്രീയെ ഒരു ഏജൻസിയായി കണക്കാക്കുന്നതിനും നിലവിലെ നായപിടുത്തക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നായപിടുത്തക്കാർക്കുള്ള പരിശീലനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ നിന്നും നൽകുന്നുണ്ട്. തെരുവ് നായ നിയന്ത്രണത്തിന്റെ ഭാഗമായി വാക്സിനേഷനു വേണ്ടിയും, ABC പദ്ധതിക്കുവേണ്ടിയും, നായപിടുത്തക്കാർക്ക് നായ ഒന്നിന് 300 രൂപ വീതം എന്ന നിരക്കിൽ, പ്രതിഫലം ഏകീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ